
# ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

20 FEBRUA 024 | VOL 03 | ISSUE 050 | 749


# സഭാഹാൾ സുവിശേഷ വിരോധികൾ പെട്രോളൊഴിച്ച് കത്തിച്ചു







ബാംഗ്ലൂർ: രാമനഗർ ടൗണിലെ ഗ്രേസ് കമ്മ്യൂണിറ്റി പ്രയർ ഹാൾ സുവിശേഷ വിരോധികൾ ജനാലവഴി പെട്രോൾ ഒഴിച്ച് കത്തിച്ചു. സഭാഹാൾ പൂർണ്ണമായി കത്തി നശിച്ചു. ബംഗളുരിന് സമീപത്തുള്ള രമ നഗരിൽ ഞായറാഴ്ച രാവിലെ പുലർച്ച മൂന്നിനും നാലിനും ഇടയ്ക്ക് പതിവുപോലെ പാസ്റ്ററും കുടുംബവും വിശ്വാസികളും ആരാധനക്ക് വന്നപ്പോഴാണ് സംഭവം കണ്ടത്. തുടർന്ന് ഇവിടെ പ്രവർത്തിക്കുന്ന പാസ്റ്റർ മോഹൻ പൊലീസിൽ പരാതി നൽകി. പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് സംഭവ സ്ഥലത്തു എത്തി എഫ് ഐആർ രജിസ്റർ ചെയ്തിട്ടുണ്ട്.കേസ് അന്വേഷിച്ച് പ്രതികളെ എത്രയും പെട്ടന്ന് കണ്ടെത്തുമെന്നു പൊലീസ് മാധ്യമങ്ങളോട് പറഞ്ഞു.



# അടുത്ത ആയിരം വർഷം ഭാരതം രാമരാജ്യം

ന്യൂഡൽഹി: അടുത്ത ആയിരം വർഷത്തേക്ക് ഇന്ത്യയിൽ രാമരാജ്യം സ്ഥാപിക്കുന്നതിന്റെ പ്രഖ്യാപനമാണതെന്നും ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡ.

അയോധ്യയിലെ രാമക്ഷേത്ര നിർമാണം രാജ്യത്തിന് ചരിത്രപരവും അഭിമാനകരവുമായ നിമിഷമാണെന്നും ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പാർട്ടിയുടെ ദ്വിദിന ദേശീയ കൗൺസിൽ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാർമികത്വത്തിൽ രാം ലല്ല സ്ഥാപിച്ചതിൽ അഭിനന്ദമറിയിക്കുന്നുവെന്നും ജെപി നഡ്ഡ പറഞ്ഞു. അയോധ്യയിലെ രാമക്ഷേത്രത്തെക്കുറിച്ച് ദേശീയ അധ്യക്ഷൻ ജെപി നഡ്ഡ കൊണ്ടുവന്ന ഈ പ്രമേയം ദേശീയ സമ്മേളനം പാസാക്കി. ശ്രീരാമനും സീതയും രാമായണവും ഇന്ത്യൻ നാഗരികതയുടെയും സംസ്കാരത്തിന്റെയും എല്ലാ തലത്തിലും ഉണ്ടെന്നന്നും പ്രമേയത്തിൽ പറഞ്ഞു.

ജനാധിപത്യ മൂല്യങ്ങൾക്കും നീതിക്കും വേണ്ടി സമർപ്പിച്ച നമ്മുടെ ഭരണഘടന രാമരാജ്യത്തിന്റെ ആദർശങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

## CARTOON:



എഡിറ്റോറിയൽ

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ലിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒഖ്ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

# ക്ഷീണിച്ചാൽ...



പാസ്റ്റർ
അനു കോശി

'എന്റെ ഹൃദയം ക്ഷീണിക്കുമ്പോൾ ഞാൻ ഭൂമിയുടെ അറ്റത്തു നിന്ന് നിന്നെ വിളിച്ചപേക്ഷിക്കും' എന്നാണ് സങ്കീർത്തനക്കാരൻ പാടുന്നത്. എങ്ങോട്ടു തിരിഞ്ഞാലും വൃദയം ക്ഷീണിപ്പിക്കുന്ന കാഴ്ചകളുടെ കൂമ്പാരം കണ്ണിനു മുമ്പിൽ തെളിയുകയാണ്. മന:ശാസ്ത്ര പരമായി സമീപിച്ചാൽ ഹൃദയം ക്ഷീണിക്കാനുള്ള കാരണങ്ങൾ പലതും എടുത്തു കാണിക്കാൻ കഴിയും. എന്നാൽ ദൈവ വചന പ്രകാരം ചിന്തിച്ചാൽ ബൈബിളിൽ നിന്ന് തന്നെ പലതും മനസ്സിലാക്കാം.

എന്തുകൊണ്ട് ഹൃദയം ക്ഷീണിക്കുന്നു?

1. പാപം ചെയ്യുന്നതിനാൽ. സങ്കീ. 31:10, യെഹ 7:13
2. ക്ഷീണിച്ചവരുമായുള്ള ബന്ധം കാരണം ആവ. 20: 8,
3. ശത്രു കാരണം സങ്കീ. 6: 7,
4. നമ്മുടെ പല ആഗ്രഹങ്ങളും തക്ക സമയത്ത് നടക്കാത്തത് നിമിത്തം സദൃ. 13:12

ആദ്യം സ്വന്തം അവസ്ഥ കണ്ടുണരുക എന്നതാണ് പരമപ്രധാനം. അത് ദൈവത്തോട് തുറന്നു പറയുക. അവിടുന്ന് കനിവ് കാണിക്കാതിരിക്കില്ല

ക്ഷീണിക്കുന്നവർക്കു വേണ്ടി ദൈവം എന്തു ചെയ്യും എന്നാണ് ബൈബിൾ പറയുന്നത് ?

1. ശക്തി പകരും യെശ. 40:29
2. തൃപ്തി വരുത്തും യിര. 31:25
3. മഴ തരും സങ്കീ. 68:9

നമുക്ക് ക്ഷീണം തട്ടി എന്ന ഒരു ചിന്ത ഉടലെടുത്തിട്ടുണ്ടെങ്കിൽ മടിച്ചു നിൽക്കേണ്ട ആവശ്യമില്ല; ദൈവത്തെ വിളിച്ചപേക്ഷിക്ക. അവിടുന്ന് നമ്മുടെ സങ്കടം കാണുകയും ഒരു മടങ്ങി വരവ് ഒരുക്കുകയും ചെയ്യും.

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**ഫെബ്രുവരി 20**

എസ്രാ. 8:31 ഞങ്ങളുടെ ദൈവത്തിന്റെ കൈ ഞങ്ങൾക്ക് അനുകൂലമായിരുന്നു; അവിടുന്ന് ശത്രുവിന്റെയും, വഴിയിലുള്ള പതിയിരുപ്പുകാരന്റെയും കയ്യിൽ നിന്ന് ഞങ്ങളെ കാത്തു രക്ഷിച്ചു.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

# ബൾഗേറിയ

തലസ്ഥാനം : സോഫിയ
ഭാഷ : ബൾഗേറിയൻ
ജനസംഖ്യ : 70 ലക്ഷം
പ്രസിഡണ്ട് : റുമെൻ ജോർജീവ് രാദേവ്
മതം : ക്രിസ്ത്യൻ

വിവിധ വിഭാഗങ്ങൾക്കിടയിലെ കലഹം.ജനത്തിന്റെ അനുരഞ്ജനത്തിനും സമാധാനത്തിനും വേണ്ടി പ്രാർത്ഥിക്കുക.

ഗ്രാമപ്രദേശങ്ങളിൽ സഭകൾ ആരംഭിക്കണം.സുവിശേഷ പ്രസ്ഥാനങ്ങൾക്കായി പ്രാർത്ഥിക്കുക.

ദൈവഭക്തരായ സഭാ നേതാക്കൾ എഴുന്നേൽക്കണം. പ്രാർത്ഥിക്കുക. നീതിക്കും ആവശ്യമായ സാമൂഹിക പരിഷ്കരണങ്ങൾക്കും മുൻഗണന നൽകുന്നവർ ഉണ്ടാകണം





# അതിജീവനത്തിനായി പൊരുതുന്ന ജനതയോട് ഐക്യദാർഢ്യം: കെസിബിസി



കൊച്ചി: വന്യജീവി ആക്രമണങ്ങളിൽ അതിജീവനത്തിനായി പൊരുതുന്ന ജനതയോട് പരിപൂർണ്ണ ഐക്യദാർഢ്യവും പ്രഖ്യാപിക്കുകയാണെന്ന് കെസിബിസി. വയനാട്ടിലും പരിസര ജില്ലകളിലും സംഭവിക്കുന്ന വന്യജീവി ആക്രമണങ്ങളുടെ എണ്ണം കുത്തനെ ഉയർന്നിട്ടുണ്ട്. കഴിഞ്ഞ ഏതാനും ആഴ്ചകളായി സമാനതകളില്ലാത്ത വന്യജീവി ആക്രമണങ്ങളാണ് അവിടങ്ങളിൽ നടന്നുവരുന്നത്. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടയിൽ മാത്രം മൂന്നുപേരുടെ ജീവൻ വയനാട്ടിൽ നഷ്ടപ്പെട്ടിരിക്കുന്നു. വിഷയത്തിൽ ശാശ്വതമായ പ്രശ്നപരിഹാരത്തിനായി സമഗ്രമായ നിയമനിർമ്മാണം നടത്തണമെന്നു കെസിബിസി ആവശ്യപ്പെട്ടു. വനം വകുപ്പിന്റെ കണക്കനുസരിച്ച് കഴിഞ്ഞ എട്ട് വർഷങ്ങൾക്കുള്ളിൽ മാത്രം 55839 വന്യജീവി ആക്രമണങ്ങളാണ് കേരളത്തിലുണ്ടായത്. അതേ രേഖകൾ പ്രകാരം ഇക്കാലയളവിൽ നഷ്ടപ്പെട്ട മനുഷ്യജീവനുകൾ 910 ആണ്. വർഷങ്ങൾ പിന്നിടുംതോറും വന്യജീവി ആക്രമണങ്ങളുടെ എണ്ണവും രൂക്ഷതയും വർദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ് കേരളത്തിലേത്. ഈ ഘട്ടത്തിൽ തികഞ്ഞ ഗൗരവത്തോടെ പ്രായോഗികവും സത്വരവുമായ ഇടപെടലുകൾ നടത്താൻ സംസ്ഥാന കേന്ദ്ര സർക്കാർ സംവിധാനങ്ങൾ തയ്യാറാകണം. ജനങ്ങളുടെ ആശങ്കകളെയും പ്രാണഭയത്തെയും അടിച്ചമർത്തി എളുപ്പവഴിയിൽ പ്രശ്നപരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളിൽനിന്ന് വനം വന്യജീവി വകുപ്പും ഉദ്യോഗസ്ഥരും പിന്മാറണം. ജനവാസ മേഖലകളിൽ വിഹരിക്കുന്ന ഉപദ്രവകാരികളായ വന്യമൃഗങ്ങളെ ഉടനടി പിടികൂടാൻ കഴിയുന്നില്ലെങ്കിൽ മനുഷ്യജീവന് ഉയർന്ന പരിഗണന നൽകി അവയെ വെടിവച്ചുകൊല്ലാനുള്ള നയരൂപീകരണം ഉടനടി നടത്തണം. വനത്തിന്റെ സ്വാഭാവികമായ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്ന വിധത്തിൽ വർധിച്ചുകൊണ്ടിരിക്കുന്ന ആന, കടുവ, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ എണ്ണം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. വന്യജീവി ആക്രമണങ്ങളിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട് വേദനയിൽ കഴിയുന്ന എല്ലാ കുടുംബങ്ങളോടും സഭയുടെ അനുശോചനം അറിയിക്കുന്നതോടൊപ്പം അതിജീവനത്തിനായി പൊരുതുന്ന ജനതയോട് പരിപൂർണ്ണ ഐക്യദാർഢ്യവും പ്രഖ്യാപിക്കുകയാണെന്ന് കെസിബിസി പ്രസ്താവിച്ചു.

# ഇനി മതം മാറ്റം ജാമ്യമില്ലാക്കുറ്റം; 10 വർഷം വരെ തടവും പിഴയും

ന്യൂദൽഹി: ഛത്തീസ്ഗഢിൽ ഇനി മതം മാറുന്നത് ജാമ്യമില്ലാക്കുറ്റം. വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ നടക്കുന്ന മതം മാറ്റങ്ങൾക്ക് 10 വർഷം വരെ തടവ് ലഭിക്കാവുന്ന തരത്തിലുള്ള നിയമത്തിന്റെ കരട് തയ്യാറാക്കിയിരിക്കുകയാണ് ഛത്തീസ്ഗഢിലെ ബി.ജെ.പി സർക്കാർ. നിയമത്തിന്റെ കരട് ഉടൻ തന്നെ നിയമസഭയിൽ അവതരിപ്പിക്കാൻ തയ്യാറെടുത്തിരിക്കുകയാണ് ഛത്തീസ്ഗഢ് സർക്കാർ. സംസ്ഥാനത്ത് ക്രിസ്ത്യൻ മിഷണറിമാർക്ക് കീഴിൽ വ്യാപകമായ മതംമാറ്റം നടക്കുന്നുണ്ടെന്നും ഇത് ഉടൻ അവസാനിപ്പിക്കുമെന്നും കഴിഞ്ഞ ദിവസം ഛത്തീസ്ഗഢ് മുഖ്യമന്ത്രി വിഷ്ണുദേവ് സായ് വാദിച്ചിരുന്നു. ഇതിന് പിന്നാലെയാണ് സംസ്ഥാനത്ത് പുതിയ നിയമനിർമാണത്തിന് ഒരുക്കം നടക്കുന്നത്. മതം മാറുന്നവർ 60 ദിവസം മുമ്പെങ്കിലും അപേക്ഷ നൽകേണ്ടതുണ്ട്. വ്യക്തിവിവരങ്ങൾ കാണിച്ച് ജില്ല മജിസ്ട്രേറ്റിന് നൽകുന്ന അപേക്ഷയിൽ പൊലീസ് പരിശോധന നടത്തും. മതം മാറ്റ ചടങ്ങ് സംഘടിപ്പിക്കുന്നവരും ചടങ്ങിന് ഒരു മാസം മുമ്പ് അപേക്ഷ നൽകേണ്ടതുണ്ട്. മതം മാറുന്ന വ്യക്തി മതം മാറിയതിന് ശേഷം 60 ദിവസങ്ങൾക്കുള്ളിൽ സത്യവാങ്മൂലം സമർപ്പിക്കുകയും ജില്ല മജിസ്ട്രേറ്റിന് മുന്നിൽ ഹാജരാകുകയും വേണം. മതംമാറ്റം നടന്നത് വ്യവസ്ഥകൾക്ക് അനുസൃതമല്ലെന്ന് മജിസ്ട്രേറ്റിന് ബോധ്യപ്പെട്ടാൽ മതം മാറ്റം അസാധുവാക്കും. അംഗീകാരം നൽകുന്നത് വരെ മതം മാറിയ വ്യക്തി സമർപ്പിച്ച സത്യവാങ്മൂലം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യും. മതംമാറുന്ന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യും. മാത്രവുമല്ല, പുതിയ കരട് പ്രകാരം രക്തബന്ധത്തിൽ പെട്ടവർക്കോ, ദത്തെടുക്കൽ വഴി ബന്ധമുള്ളവർക്കോ മതംമാറ്റത്തെ എതിർക്കാനും സാധിക്കും. ഇത്തരം ബന്ധുക്കൾ നൽകുന്ന പരാതിയിൽ കേസെടുക്കാനും ജാമ്യമില്ലാക്കുറ്റം ചുമത്താനും പുതിയ നിയമപ്രകാരം സാധിക്കും. സെഷൻസ് കോടതികളിലാകും ഇത്തരം കേസുകൾ കൈകാര്യം ചെയ്യുക. മതം മാറ്റുന്നവർക്ക് 2 മുതൽ 10 വർഷം വരെ തടവും 25000 രൂപ പിഴയുമുണ്ടാകും. കൂട്ടമായി മതംമാറ്റം സംഘടിപ്പിച്ചാൽ പരമാവധി 1 മുതൽ 10 വർഷം വരെ തടവും അരലക്ഷം രൂപ പിഴയുമാണ് ശിക്ഷ.

20 FEBRUARY 2024
VOL 03 | ISSUE 050 | 749

# പൊലീസ് സ്റ്റേഷൻ അക്രമണം; മജിസ്‌ട്രേറ്റ് തല അന്വേഷണത്തിന് ഉത്തരവ്



മണിപ്പൂർ : മണിപ്പൂരിലെ ചുരാചന്ദ്പൂരിൽ പൊലീസ് സ്റ്റേഷൻ അക്രമിച്ച സംഭവത്തിൽ മജിസ്‌ട്രേറ്റ്തല അന്വേഷണത്തിന് ഉത്തരവിട്ടു. ഫെബ്രുവരി 15നാണ് സംഭവം നടന്നത്. അതിക്രമത്തിൽ മൂന്ന് പേർ കൊല്ലപ്പെടുകയും 30 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. വ്യാഴാഴ്ച രാത്രി ചുരാചന്ദ്പൂർ എസ്പി ഓഫീസിലേക്ക് ജനക്കൂട്ടം അതിക്രമിച്ച് കയറാൻ ശ്രമിക്കുകയും, നാനൂറോളം വരുന്ന സംഘം ഓഫീസിനു നേരെ മാർച്ച് നടത്തുകയും കല്ലെറിയുകയും ചെയ്തു. ഇതോടെ സ്ഥിതിഗതികൾ നിയന്ത്രിക്കാൻ പൊലീസ് കണ്ണീർ വാതക ഷെല്ലുകൾ പ്രയോഗിക്കേണ്ടി വന്നു . ഞഅഎ ഉൾപ്പെടെയുള്ള സുരക്ഷാ സേനകളെ അക്രമികളെ തുരത്താനായി രംഗത്തിറക്കുകയും ചെയ്തു .

അക്രമം നടക്കുന്നതിന് ദിവസങ്ങൾക്ക് മുമ്പ് ചുരാചന്ദ്പൂർ എസ്പി ശിവാനന്ദ് സർവെ ഹെഡ് കോൺസ്റ്റബിൾ സിയാംലാൽപോളിനെ സസ്‌പെൻഡ് ചെയ്തിരുന്നു. സായുധരായ സംഘത്തിനും ഗ്രാമത്തിലെ സന്നദ്ധപ്രവർത്തകർക്കൊപ്പം സിയാംലാൽ പോൾ ഇരിക്കുന്ന വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിച്ചതിനെ തുടർന്നായിരുന്നു നടപടി. ''അച്ചടക്കമുള്ള പോലീസ് സേനയിലെ അംഗമെന്ന നിലയിൽ ഇത് വളരെ ഗുരുതരവും , മോശവുമായ പെരുമാറ്റത്തിന് തുല്യമാണ് '. ആയുധധാരികളുമായുള്ള വീഡിയോ സോഷ്യൽ മീഡിയയിൽ വൈറലായതിനാൽ ചുരാചന്ദ്പൂർ ജില്ലാ പോലീസിലെ സിയാംലാൽപോളിനെതിരെ വകുപ്പുതല അന്വേഷണവും ആലോചിക്കുന്നതായും പൊലീസ് ഉത്തരവിൽ പറയുന്നു.

മുൻകൂർ അനുമതിയില്ലാതെ സ്റ്റേഷൻ വിട്ടുപോകരുതെന്ന് നിർദ്ദേശം നൽകുകയും, കൂടാതെ അദ്ദേഹത്തിന്റെ ശമ്പളവും, അലവൻസുകളും നിയമപ്രകാരം അനുവദനീയമായ ഉപജീവന അലവൻസിലേക്ക് പരിമിതപ്പെടുത്തുകയും ചെയ്തു.

## ബൈബിളിലെ വനിതകൾ

# രൂത്ത്

## മരുമകൾ സ്ഥാനത്തെ സ്നേഹം കൊണ്ട് മകളാക്കി മാറ്റിയവൾ



സിസ്റ്റർ നീതു നിശാന്ത്
ഷാർജ



സ്നേഹനിധിയായ അമ്മാവിയമ്മ നൊവൊമിക്ക് ദൈവം കൊടുത്ത ഒരിക്കലും വിലമതിക്കാനാവാത്ത സമ്മാനമായിരുന്നു രൂത്ത് എന്ന മരുമകൾ. തന്റെ ഭർത്താവിന്റെ മരണശേഷം സ്വന്തം മാതാപിതാക്കളുടെ അടുത്തേക്ക് മടങ്ങി പോകാതെ അമ്മാവിയമ്മക്ക് താങ്ങും തണലുമായി അവൾ നിന്നു.

അമ്മാവിയമ്മയോടൊപ്പം ബേത്‌ലഹേമിലേക്ക് യാത്ര തിരിക്കുന്നതിന് മുൻപേ തന്നെ 'നിന്റെ ജനം എന്റെ ജനം നിന്റെ ദൈവം എന്റെ ദൈവം ' എന്ന് അവൾ എടുത്ത ഉറച്ച തീരുമാനമായിരുന്നു തന്റെ ജീവിതത്തിലെ ഏറ്റവും വലിയൊരു വഴിത്തിരിവിന് കാരണമായി തീർന്നത്.

തനിക്ക് പരിചിതമല്ലാത്ത ബേത്‌ലഹേം എന്ന വാഗ്ദത്തപട്ടണം അവൾക്കായി ഒരുക്കി കാത്തിരുന്നത് അവൾക്ക് സ്വപ്നം പോലും കാണാൻ കഴിയാത്ത കാര്യങ്ങളായിരുന്നു. ഒരുപാട് ദൂരം യാത്ര ചെയ്തിട്ടും അതിന്റെ ക്ഷീണം ഒന്നും വകവയ്ക്കാതെ ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി അമ്മാവിയമ്മയെ വീട്ടിലിരുത്തിയിട്ട് കതിർ പെറുക്കുവാൻ അവൾ ഒരു വയലിലേക്ക് പോയി. അവളുടെ നല്ല സ്വഭാവവും അമ്മാവിയമ്മയോടുള്ള സ്നേഹവും നിമിത്തം എത്തിക്കേണ്ട വയലിൽ തന്നെ ദൈവം അവളെ കൊണ്ടെത്തിച്ചു. അങ്ങനെ വയലിൽ കതിർ പെറുക്കുവാൻ പോയവളെ ബോവസിന്റെ ഭാര്യ എന്ന ശ്രേഷ്ഠകരമായ പദവിയിലൂടെ വയലിന്റെ ഉടമസ്ഥയാക്കി ദൈവം അവളെ മാറ്റി.

പിന്നീട് നടന്നത് ചരിത്രമായിരുന്നു, ബോവസിന്റെ കുഞ്ഞിന് ജന്മം നൽകി ദാവീദ് ഗോത്രത്തിന്റെ സിംഹമായ യേശുക്രിസ്തുവിന്റെ വംശാവലിയിൽ അവളുടെ പേരും എഴുതി ചേർക്കപ്പെട്ടു. സ്നേഹം കൊണ്ടും അനുസരണം കൊണ്ടും അനുഗ്രഹത്തിലേക്ക് കയറിയ രൂത്ത് എന്നും എല്ലാവർക്കും ഒരു നല്ല മാതൃകയാണ്. മറ്റുള്ളവരോടുള്ള സ്നേഹവും വിശ്വസ്തതയും നമ്മുടെ ജീവിതത്തിലും ഉണ്ടെങ്കിൽ ഇന്ന് അല്ലെങ്കിൽ നാളെ ഇതുപോലെ ചരിത്രങ്ങൾക്ക് സാക്ഷ്യമാകുവാൻ നമുക്കും കഴിയും.

# ഐ.പി.സി പൊൻകുന്നം ഏരിയ കൺവൻഷൻ

പൊൻകുന്നം: ഐ.പി.സി പൊൻകുന്നം ഏരിയ കൺവൻഷൻ ഫെബ്രുവരി 23മുതൽ 25 വരെ പൊൻകുന്നം വ്യാപാര ഭവൻ ഓഡിറ്റോറിയത്തിൽ നടക്കും. ഏരിയ മിനിസ്റ്റർ പാസ്റ്റർ പി. ജെ. ജോസഫ് ഉത്ഘാടനം ചെയ്യും പാസ്റ്റർമാരായ രാജു അനിക്കാട്, ഷമീർ കൊല്ലം, ജോൺ റിച്ചാർഡ്, സഹോദരൻമാരായ സണ്ണി മുളമൂട്ടിൽ, പി.പി. ജോൺ, ഗീതമ്മ സ്റ്റീഫൻ എന്നിവർ പ്രസംഗിക്കും. റാപ്ച്ചർ മെലഡീസ് ഗാനശുശ്രൂഷ നിർവഹിക്കും. കൺവൻഷനോടനുബന്ധിച്ചു പി. വൈ. പി. എ,സൺഡേ സ്കൂൾ, വിമൻ ഫെല്ലോഷിപ് വാർഷികം, സംയുക്ത ആരാധന തിരുവത്താഴ ശുശ്രൂഷ ഉണ്ടായിരിക്കും.

# ഐ.പി.സി. പാലക്കാട് നോർത്ത് സെന്റർ കൺവൻഷൻ സമാപിച്ചു

പാലക്കാട് : ഐപിസി പാലക്കാട് നോർത്ത് സെന്റർ കൺവൻഷൻ മൈലംപുള്ളിയിൽ നടന്നു. ഞായറാഴ്ച നടന്ന സംയുക്ത ആരാധനയിൽ പാസ്റ്റർ നെബു മാത്സൻ അധ്യക്ഷൻ ആയിരുന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ എം.വി.മത്തായി കർതൃമേശയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ സാം ജോർജ് വചന ശുശ്രൂഷ നിർവഹിച്ചു. സെന്ററിലെ വിശ്വാസികൾ കോയമ്പത്തൂർ, അട്ടപ്പാടി, പാലക്കാട് എന്നീ സ്ഥലങ്ങളിൽ നിന്നും പങ്കെടുത്തു.
വ്യാഴാഴ്ച വൈകുന്നേരം സെന്റർ മിനിസ്റ്റർ പാസ്റ്റർ എം. വി. മത്തായി പ്രാർത്ഥിച്ചു ഉത്ഘാടനം നിർവഹിച്ച കൺവൻഷന്റെ വിവിധ യോഗങ്ങളിൽ പാസ്റ്റർമാരായ അനീഷ് തോമസ്, ഡാനിയേൽ കൊന്നനിൽക്കുന്നതിൽ, ഫെയ്ത്ത് ബ്ലസൺ, സജി കാനം, നോബി തങ്കച്ചൻ, ഇവാ. പി. വി. മാത്യു, സിസ്റ്റർ ജയ്നി മറിയം എന്നിവർ പ്രസംഗിച്ചു. സെന്റർ കയർ ഗാന ശുശ്രൂഷ നടത്തി. വിവിധ സെഷനുകളിൽ സെന്ററിലെ പാസ്റ്റർമാരായ എം. എസ്. ജോസഫ്, കെ. വി . സാം, കെ. സിജു, ഫിന്നി മാത്യൂ, കെ.ടി ജോസഫ് , വി.പി. ഷിജു, ബിജു വി. എസ്, മാത്യൂ ചാക്കോ എന്നിവർ നേതൃത്വം കൊടുത്തു.

# ഐ.പി.സി. ഉപ്പുതറ സെന്റർ കൺവൻഷൻ

ഉപ്പുതറ : ഐപിസി ഉപ്പുതറ 33മത് സെന്റർ കൺവൻഷൻ ഫെബ്രുവരി 21 മുതൽ 25 വരെ നടക്കും. എല്ലാ ദിവസവും വൈകിട്ട് 6 മണിമുതൽ രാത്രി 9 മണി വരെ ഉപ്പുതറ ഐപിസി ബെഥെൽ ഗ്രൗണ്ടിൽ വച്ചാണ് യോഗങ്ങൾ നടക്കുന്നത്. സെന്റർ മിനിസ്റ്റർ പാസ്റ്റർ കെ. വി വർക്കി ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ ഫെയ്ത് ബ്ലെസ്സൻ പള്ളിപ്പാട്, ഷാജി എം. പോൾ വെണ്ണിക്കുളം, സജോ തോണിക്കുഴിയിൽ, റെജി മാത്യു ശാസ്താംകോട്ട, സാം ജോർജ് (പത്തനാപുരം ) എന്നിവർ ദൈവവചനം സംസാരിക്കും. വെള്ളിയാഴ്ച നടക്കുന്ന സോദരി സമാജം വാർഷിക യോഗത്തിൽ റീജ ബിജുവും (കൊട്ടാരക്കര ), ശനിയാഴ്ച നടക്കുന്ന സണ്ടേസ്കൂൾ പിവൈപിഎ സംയുക്ത വാർഷിക യോഗത്തിൽ പാസ്റ്റർ തോമസ് മാത്യു ചാരുവേലിയും (സെക്രട്ടറി, സ്റ്റേറ്റ് സണ്ടേസ്കൂൾ) മുഖ്യ സന്ദേശം നൽകും. സെന്റർ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. ഞാറാഴ്ച നടക്കുന്ന സെന്റർ സഭകളുടെ സംയുക്ത ആരാധനയോടും, കർത്തൃമേശയോടും കൺവൻഷൻ സമാപിക്കും.

# ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ആലപ്പുഴ ടൗൺ ചർച്ച് വാർഷിക കൺവൻഷൻ

ആലപ്പുഴ : ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ആലപ്പുഴ ടൗൺ ചർച്ച് വാർഷിക കൺവൻഷൻ മാർച്ച് 2830 വരെ സഭാഹാളിൽ നടക്കും. ചർച്ച് ഓഫ് ഗോഡ് ആലപ്പുഴ ഡിസ്ട്രിക്ട് പാസ്റ്റർ റെജി കുര്യൻ ഉത്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർമാരായ കെ. ജെ. തോമസ്, കെ. ജെ. മാത്യു, റെജി ശാസ്താംകോട്ട എന്നിവർ വചനശുശ്രൂഷ നിർവഹിക്കും. ചർച്ച് ഓഫ് ഗോഡ് ആലപ്പുഴ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും.


# സുവിശേഷ യോഗം

കോലഞ്ചേരി: ഐപിസി പിറവം സെന്റർ ഇവാഞ്ചലിസം ബോർഡിന്റെയും പൂതൃക്ക ബേഥേൽ പ്രയർ സെന്ററിന്റെയും സംയുക്താഭിമുഖ്യത്തിൽ പൂതൃക്ക പുളിഞ്ചോട് കവലയിൽ ഫെബ്രുവരി 22,23,24,25 തിയതികളിൽ വൈകിട്ട് 6.30 മുതൽ സുവിശേഷ യോഗങ്ങൾ നടക്കുന്നു. പാസ്റ്റർമാരായ ബാബു ചെറിയാൻ, ഷാജി എം പോൾ, കെ പി വർഗീസ്, ഡോ. ജേക്കബ് മാത്യു, സാജു കുര്യാക്കോസ് തുടങ്ങിയവർ പ്രസംഗിക്കും. ഷാരോൺ വർഗീസ്, ജോനാഥാൻ ജോൺ, ജീസ്സൺ വെട്ടിയ്ക്കൽ, തോമസ് ചെറിയാൻ, അക്സ ക്രിസ്റ്റഫർ എന്നിവർ ഗാനശുശ്രൂഷ നയിക്കുന്നു.

# ക്രൈസ്തവ യഹൂദ ഐക്യ സംരംഭങ്ങളിൽ സംതൃപ്തി അറിയിച്ച് യഹൂദ റബ്ബിമാർ

ജെറുസലേം : പരസ്പര ധാരണ സംജാതമാക്കുന്നതിന് സഭ നടത്തിയ പരിശ്രമങ്ങൾ ക്രൈസ്തവ യഹൂദ സമൂഹങ്ങളിൽ മാറ്റങ്ങൾ വരുത്തിയെന്ന് യഹൂദമതനേതാക്കൾ സന്തുഷ്ടി പ്രകടിപ്പിച്ചു. ക്രൈസ്തവരും യഹൂദരും തമ്മിലുള്ള സംഭാഷണത്തെക്കുറിച്ചു പഠിക്കുന്ന ഏതാനും യഹൂദമത പണ്ഡിതരായ റബ്ബിമാർ ഫ്രാൻസീസ് മാർപാപ്പായ്ക്ക് എഴുതിയ ഒരു കത്തിലാണ് ഈ സംതൃപ്തി പ്രകടിപ്പിച്ചിട്ടുള്ളത്. യെഹോഷുവ ആഹ്റെൻസ്, യിറ്റ്സ് ഗ്രീൻബെർഗ്, ഡേവിഡ് മെയെർ കർമ ബെൻ ജൊഹനാൻ, മൽക്ക ഷെയിഗെർ സിംകോവിച്ച് എന്നീ റബ്ബിമാരാണ് ഈ കത്തിൽ ഒപ്പുവച്ചിട്ടുള്ളത്. ഒരുകാലത്ത് ശത്രുതവാണിരുന്നിടത്ത് ഇപ്പോൾ സൗഹൃദവും തീരാപ്പകയുടെ സ്ഥാനത്ത് സഹാനുഭൂതിയുമാണ് ഉള്ളതെന്ന് റബ്ബിമാർ പറയുന്നു.

# കൊറോണ വൈറസ് : ഇന്ത്യക്കാരെ ശ്വാസകോശരോഗികളാക്കി



വെല്ലൂർ : കൊറോണ വൈറസ് കാരണം ശ്വാസകോശത്തിന് ഏറ്റവും കൂടുതൽ ഹാനിയുണ്ടായത് ഇന്ത്യക്കാരിലെന്ന് പഠനത്തിൽ പറയുന്നു. കോവിഡ് മുക്തരായ ശേഷവും മാസങ്ങളോളം ശ്വാസകോശത്തിന്റെ പ്രവർത്തനം സാധാരണനിലയിലാകാത്ത ഒട്ടേറെപ്പേർ ഇന്ത്യയിലുണ്ട്. ചിലർ ഒരുവർഷത്തിനുശേഷം പൂർണ ആരോഗ്യം വീണ്ടെടുക്കുന്നുണ്ടെങ്കിലും പലർക്കും ജീവിതകാലം മുഴുവൻ ശ്വാസകോശ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത നിലനിൽക്കുന്നു. സാർസ് കോവ്2 സംബന്ധിച്ച് രാജ്യത്ത് നടന്ന ഏറ്റവും വലിയ ഗവേഷണമാണിത്.

ഡോ. ദേവസഹായം യേശുദാസ് ക്രിസ്റ്റഫറിന്റെ നേതൃത്വത്തിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് പ്ലോസ് ഗ്ലോബൽ പബ്ലിക് ഹെൽത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. കോവിഡ് ആദ്യതരംഗം വ്യാപിച്ച ഘട്ടത്തിൽ 207 പേരിലാണ് പഠനം ആരംഭിച്ചത്. കോവിഡ് ബാധിച്ചിട്ടും കാര്യമായ ബുദ്ധിമുട്ടുണ്ടാകാത്തവർ, ഇടത്തരം പ്രശ്നങ്ങൾ നേരിട്ടവർ, സാരമായ ആരോഗ്യപ്രശ്നങ്ങൾ അനുഭവിച്ചവർ എന്നിങ്ങനെ രോഗികളെ തരം തിരിച്ചായിരുന്നു പഠനം. ശ്വാസകോശത്തിന്റെ പ്രവർത്തനവും, പൊതുവായ ആരോഗ്യവും സംബന്ധിച്ച വിശദമായ പരിശോധനകളാണ് നടത്തിയത്. രക്തപരിശോധനകൾ, ആറുമിനിറ്റ് നടത്തം, ലങ് ഫങ്ഷൻ ടെസ്റ്റുകൾ എന്നിവയെല്ലാം ഇതിൽപ്പെടുന്നു . ശ്വാസകോശത്തിന്റെ ശേഷി അളക്കുന്ന ഗ്യാസ് ട്രാൻസ്ഫർ പരിശോധന ആയിരുന്നു പ്രധാനം. ശ്വസിക്കുന്ന വായുവിൽ നിന്ന് ഓക്സിജൻ രക്തത്തിലേക്ക് കടത്തിവിടാനുള്ള ശേഷിയാണ് ഇതിൽ പരിശോധിക്കുന്നത്. 207 പേരിൽ 44 ശതമാനത്തിനും ഗ്യാസ് ട്രാൻസ്ഫർ ശേഷി കുറഞ്ഞതായാണ് കണ്ടെത്തൽ . ഇത് ആശങ്കയുണ്ടാക്കുന്നതാണെന്ന് ഗവേഷകർ പറഞ്ഞു. 35 ശതമാനം പേർക്കും ശ്വാസം ഉള്ളിലേക്കെടുക്കുമ്പോൾ ശ്വാസകോശം പൂർണമായി വികസിക്കാത്ത അവസ്ഥയും , 8 ശതമാനം പേർക്ക് ശ്വാസ കോശത്തിനുള്ളിൽ വായുവിന് അനായാസം ചലിക്കുന്നതിന് തടസമുണ്ടാകുന്ന അവസ്ഥയും ഉള്ളതായി കണ്ടെത്തിയെന്നാണ് റിപ്പോർട്ട് .

# ഗ്രേസ് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് & കോളജ് സിൽവർ ജൂബിലി നിറവിൽ

'വചനം പഠിക്കുക, ആത്മാക്കളെ നേടുക' എന്ന ലക്ഷ്യത്തോടെ റവ. ഡോ. എം. ഡി. ഡാനിയേലിന് ദൈവം നൽകിയ ദർശന പ്രകാരം 1998 ൽ തൊടുപുഴ മുട്ടത്തിനു അടുത്ത് വള്ളിപ്പാറ എന്ന സ്ഥലത്ത് ഗ്രേസ് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം ആരംഭിക്കുകയും ധാരാളം യുവതി യുവാക്കളെ വചനം പഠിപ്പിക്കുന്നതിനും ഇടയായി. തുടർന്ന് ഗ്രേസ് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് & കോളജ് എന്ന നിലയിലേക്ക് ഉയർത്തപ്പെടുകയും B.Th & M.Div എന്നീ കോഴ്സുകൾ പഠിപ്പിച്ചും വരുന്നു. ഈ സ്ഥാപനത്തിൽ പഠിച്ച അനേകർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദൈവ വേലയിൽ ആയിരിക്കുന്നു. ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും പ്രത്യേകിച്ച് മലബാറിന്റെ മേഖലകളിലും പ്രവർത്തിക്കുന്നു. ഫെബ്രുവരി 21 ബുധനാഴ്ച രാവിലെ 10 മണി മുതൽ 2 മണി വരെ മുട്ടത്തിനടുത്ത് RIFLE CLUB എന്ന ഓഡിറ്റോറിയത്തിൽ വെച്ചു ഈ സ്ഥാപനത്തിന്റെ സിൽവർ ജൂബിലി ആഘോഷം നടത്തപ്പെടും. ഇതേ ദിനം C.Th-, B.Th & M.Div തുടങ്ങീ കോഴ്സുകൾ ചെയ്ത വിദ്യാർഥികളുടെ Graduation Ceremony യും പുതിയതായി പണികഴിപ്പിക്കാൻ പോകുന്ന കോളേജ് കെട്ടിടത്തിന്റെ ശിലാസ്ഥാപനവും പൂർവ വിദ്യാർത്ഥി സംഗമവും നടത്തപ്പെടും.

IATA അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ ഇവിടെ നൽകപ്പെടുന്നു. ഓൺലൈൻ ക്ലാസുകൾ, റഗുലർ ക്ലാസുകൾ, തപാൽ മാർഗം ഇവിടെ ക്ലാസുകൾ നടത്തപ്പെടുന്നു. ഈ സിൽവർ ജൂബിലി ആഘോഷത്തിൽ IATA യുടെ ദേശീയ, അന്തർ ദേശീയ പ്രതിനിധികൾ പങ്കെടുക്കും.

# സീതക്കൊപ്പം അക്ബർ താമസിക്കുന്നത് അപമാനം: വി.എച്ച്.പി.

കൊൽക്കത്ത : സീത എന്ന പെൺസിംഹത്തെ അക്ബർ എന്ന ആൺ സിംഹത്തിനൊപ്പം പാർപ്പിക്കാനുള്ള പശ്ചിമബംഗാൾ വനം വകുപ്പിന്റെ നീക്കത്തിനെതിരെ കോടതിയെ സമീപിച്ച് വി എച്ച് പി .കൽക്കട്ട ഹൈക്കോടതിയുടെ ജൽപൈഗുരി സർക്യൂട്ട് ബെഞ്ചിന് മുൻപാകെയാണ് വി എച്ച് പി പശ്ചിമബംഗാൾ ഘടകം ഹർജി നൽകിയത് . കഴിഞ്ഞ ചൊവ്വാഴ്ച്ചയാണ് 'സീതയെയും, 'അക്ബറി'നെയും സിലിഗുഡി സഫാരി പാർക്കിലേക്ക് കൊണ്ടുവന്നത് . അന്നുമുതൽ 'സീത'യും , 'അക്ബറും' ഒന്നിച്ചാണ് താമസിക്കുന്നത്. രണ്ടു സിംഹങ്ങൾക്കും നേരത്തെയുള്ള പേരുതന്നെയാണ് നിലവിലുള്ളതെന്നാണ് ബംഗാൾ വനം വകുപ്പ് ഉദ്യോഗസ്ഥർ പറയുന്നത് .ബി ജെ പി ഭരിക്കുന്ന ത്രിപുരയിലെ സിപാഹിജാല സുവോളജിക്കൽ പാർക്കിൽ നിന്നാണ് രണ്ടു സിംഹങ്ങളെയും സിലിഗുഡിയിലേക്കു കൊണ്ടുവന്നത്. രണ്ടു സിംഹങ്ങൾക്കും പേരിട്ടത് ബംഗാൾ വനം വകുപ്പാണെന്നാണ് വി എച്ച് പിയുടെ ആരോപണം . 'സീത'യെ 'അക്ബറി'നൊപ്പം താമസിപ്പിക്കുന്നത് ഹിന്ദു മതത്തെ അപമാനിക്കുന്നതിനു തുല്യമാണെന്ന വാദവും വി എച്ച് പി മുന്നോട്ടു വെച്ചു. 'സീത' എന്ന പെൺസിംഹത്തിന്റെ പേര് മാറ്റണമെന്നാണ് വി എച്ച് പി യുടെ ആവശ്യം .

ജസ്റ്റിസ് സൗഗത ഭട്ടാചാര്യ അധ്യക്ഷയായ ബെഞ്ചിന് മുൻപാകെ വെള്ളിയാഴ്ച്ചയാണ് ഹർജി എത്തിയത്. കേസ് വാദം കേൾക്കാനായി ചൊവ്വാഴ്ച്ചത്തേയ്ക്കു മാറ്റി. വനം വകുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം സിലിഗുഡി സഫാരി പാർക്ക് ഡയറക്ടറും കേസിൽ കക്ഷിയാണ്.

# നിന്റെ ആവശ്യങ്ങൾ ദൈവത്തോട് പറയുക

**സിസ്റ്റർ വിന്നി ജിജോ**

'ലോകം നിന്നിലുള്ള വെള്ളി ' എന്ന ഗാനം ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കു തർജ്ജിമ ചെയ്തത് കഴിഞ്ഞ ദിവസം നിത്യതയിൽ പ്രവേശിച്ച മുട്ടം ഗീവർഗീസ് എന്ന പാസ്റ്റർ ജോൺ തോമസ് എന്ന ദൈവദാസനാണ്. പലവിധമായുള്ള ശോധനകളുടെ നടുവിൽ ആയിരിക്കുമ്പോഴാണ് ഇദ്ദേഹം ഈ ഗാനം രചിക്കുന്നത്. ദൈവദാസന്റെ മൂത്ത സഹോദരൻ പോലീസ് ഓഫീസർ ആയിരിക്കുമ്പോൾ അതിദാരുണമായി കൊല്ലപ്പെട്ടു.ശൂരനാട് കൊലക്കേസ്. അടുത്തതായി ലോകമഹാ യുദ്ധ കാലത്ത് ജപ്പാന്റെ യുദ്ധ വിമാനങ്ങളിൽ ഒന്ന് ഇന്ത്യയെ അറ്റാക്ക് ചെയ്തു. മദ്രാസിനും ആന്ധ്രക്കും ഇടയിൽ ഉണ്ടായിരുന്ന ഒരു വലിയ പാലത്തിൽ ബോംബ് വീഴുകയും ആ പാലം കത്തി എരിയുന്നത് പ്രിയ ദൈവദാസൻ കാണുവാനിടവന്നു. വലിയ ഭീതിയിലും ഇരുട്ടിലും മദ്രാസ് പട്ടണം ആയി തീർന്നു. വെളിച്ചം കണ്ടാൽ ജപ്പാൻ ആക്രമിക്കും എന്ന നിലയിൽ ആയി കാര്യങ്ങൾ. അങ്ങനെ ഈ സംഭവങ്ങൾ നിമിത്തം വലിയ ഭാരത്തിൽ ആവുകയും താൻ ദൈവസന്നിധിയിൽ മുട്ടുമടക്കി ഈ പാട്ട് ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കു വിവർത്തനം ചെയ്തു. 1947 മുതൽ ഈ പാട്ട് അനേകർ പാടി ദൈവത്തെ സ്തുതിച്ചു വരുന്നു നിന്റെ ഭാരം യഹോവയുടെ മേൽ വച്ചുകൊൾക നിന്റെ ആവശ്യങ്ങൾ ദൈവത്തോട് പറയുക. ഉച്ചത്തിൽ പറഞ്ഞാലും പതിഞ്ഞ സ്വരത്തിൽ പറഞ്ഞാലും നമ്മുടെ ദൈവം കേൾക്കും.

# ഭാര്യയെ ഭർത്താവ് പെട്രോളൊഴിച്ച് തീ കൊളുത്തി കൊന്നു


ചേർത്തല: ചേർത്തലയിൽ ഭാര്യയെ ഭർത്താവ് പെട്രോളൊഴിച്ച് തീ കൊളുത്തി കൊന്നു. ഇന്നലെ രാവിലെ ഒമ്പതരക്കാണ് സംഭവം. പട്ടണക്കാട് സ്വദേശി ആരതിയെയാണ് ഭർത്താവ് ശ്യാംജിത്ത് ജോലിസ്ഥലത്തേക്ക് പോകുന്നതിനിടെ വഴിയിൽ തടഞ്ഞ് പെട്രോൾ ഒഴിച്ച് തീ കൊളുത്തിയത്. പെട്രോൾ ഒഴിച്ച ഉടനെ ആരതി വണ്ടിയിൽ നിന്ന് ഇറങ്ങി ഓടിയെങ്കിലും അപ്പോഴേക്കും ശ്യാംജിത്ത് തീ കൊളുത്തിയിരുന്നുവെന്നാണ് നാട്ടുകാർ പറയുന്നത്. ജീവനും കൊണ്ട് അലറി വിളിച്ച് ഓടിയ ആരതിയെ പിന്നാലെ ഓടിയെത്തിയ ശ്യാംജിത്ത് വീണ്ടും പെട്രോൾ ഒഴിച്ചു കൊലപ്പെടുത്തുകയായിരുന്നു.ആക്രമണത്തിനിടെ പരിക്കേറ്റ ശ്യാംജിത്ത് ആശുപത്രിയിൽ ചികിത്സയിലാണ്

**HOUSE FOR RENT IN AMALLOOR**

Furnished 3 Bedroom house with a front patio with ample parking for rent in Thiruvalla.

**Contact-Baby Samuel**
**WhatsApp No. +91 92072 51248**

# നിത്യതയിൽ



പുല്ലാട്: അഞ്ചുപുരയ്ക്കൽ **പാസ്റ്റർ എ.എം. ശമുവേൽ (93)** നിത്യതയിൽ പ്രവേശിച്ചു. യു.പി.സി. തിരുവല്ല സെക്ഷനിൽ പുല്ലാട് സഭാംഗമാണ്. യു.പി.സി. സഭാ ശുശ്രൂഷകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12.30ന് യു. പി. സി. കുമ്പനാട് സെമിത്തേരിയിൽ.

**ഭാര്യ:** പരേതയായ ഏലിയാമ്മ ശമുവേൽ

**മക്കൾ:** മോളി, ഉഷ, പ്രകാശ്, അനിൽ

**മരുമക്കൾ:** സാംകുട്ടി, ലാലു, മോളമ്മ, സുനിത.






തയ്യാറാക്കിയത്:
**സിസ്റ്റർ ധന്യ ഡാനിയേൽ**

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: 1 ദിനവൃത്താന്തം**

(1) പിതാവിന്റെ ശയ്യയെ അശുദ്ധമാക്കിയവൻ?

(2) സഹോദരന്മാരെക്കാൾ പ്രബലനായ് തീർന്നവൻ?

(3) ദാവീദിന്റെ നഗരം എന്നറിയപ്പെടുന്ന സ്ഥലം?

(4) ദാവീദിന്റെ ചിറ്റപ്പന്റെ പേര്?

(5) ഉസ്സ ഛേദിച്ചക്കപ്പെട്ട സ്ഥലത്തിന്നു ദാവീദ് വിളിച്ച പേര്?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. യിഫ്താഹ് ഏൽ താഴ്വര (യോശുവ 19:14)
2. സീദോൻ (യോശുവ 19:29)
3. കൊലപാതകി (യോശുവ 20:6)
4. യോർദാനക്കരെ (യോശുവ 20:8)
5. യെഹൂദാ, ശിമെയോൻ, ബെന്യാമീൻ (യോശുവ 21:4)

CHRISTIAN LIVE DAILY

20 FEBRUARY 2024
VOL 03
ISSUE 050 | 749

ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220



